# പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും

ഒമ്പതാം പതിപ്പ്

## സി. രാധാകൃഷ്ണൻ

കൊടുങ്കാടിന്റെ ഏകാന്തതയിൽ രാത്രികളിലും ഉണർന്നിരിക്കുന്ന ഒരു നിരീക്ഷണാലയം. തണുപ്പും മഞ്ഞും പടുകൂറ്റൻ മരങ്ങളും എപ്പോഴും ഉറങ്ങുന്ന ഒരു തടാകവും. ശാസ്ത്രത്തിന്റെ അനന്തസാദ്ധ്യതകളും അളവില്ലാക്രൂരതയും ഒരുമിച്ച് അനുഭവപ്പെടുത്തി ശാസ്ത്രം ശാസ്ത്രജ്ഞരിൽപ്പോലും ഉളവാക്കുന്ന അപൂർവമാനസികവ്യതിയാനങ്ങൾ മലയാളഭാഷയിൽ ആദ്യമായി ചിത്രീകരിച്ച കൃതി. സ്നേഹിക്കുകയും അടുക്കുകയും അകാലത്ത് പിരിയുകയും ചെയ്യേണ്ടിവരുന്ന അപൂർവജീവിതങ്ങളുടെ സുന്ദരവും ഹൃദയഭേദകവുമായ ചിത്രം. ഭാഷയ്ക്ക് എന്നെന്നേയ്ക്കും മുതൽക്കൂട്ടായ അമൂല്യരചന.

വില: 360

ISBN 978-93-81399-25-5
9789381399255

# പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും

## സി. രാധാകൃഷ്ണൻ



798

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 798 Call No.

This book should be returned on or before the date last given below.

15-048
8 DEC 2016
16-044
17-18
9 MAR 2018

Library TVK
798*

8M3 RAD/P
CASMTVK
798

PULLIPPULIKALUM VELLINAKSHATRANGALUM
MALAYALAM NOVEL
C.RADHAKRISHNAN
RIGHTS RESERVED
FIRST PUBLISHED : NOVEMBER 1984
REPRINTED : 1985, 1987, 1995, 1999, 2004, 2010, 2012
9th EDITION : JUNE 2015.
PRICE : RS.360
FRONT COVER : ARTIST T K PADMINI
PRINTING : MODERN GRAPHICS KOCHI 17
BINDING : SUPERBIND KOCHI
PUBLISHER : HI-TECH BOOKS KOCHI 17.
DISTRIBUTORS : DC / CURRENT BOOKS KOTTAYAM
ISBN : 978-93-81399-25-5

*PADMINI, A SCHOOL CLASSMATE OF THE AUTHOR, DIED AT A VERY YOUNG AGE. SHE COMBINED FILK ETHOS WITH CLASSICAL PERCEPTIONS AND PAINTED SO VERY MATURALLY THAT HER WORKS HAVE A SELF-EVOLVING CHARACTER.*

# പുള്ളിപ്പുലികളും വെള്ളിനക്ഷത്രങ്ങളും

നോവൽ

## സി. രാധാകൃഷ്ണൻ

ഒമ്പതാം പതിപ്പ്

ഹൈ-ടെക് ബുക്സ്
ആസാദ് റോഡ്
കൊച്ചി 17
വില 360 ക.

KVASU College Of Avian Sciences & Management LIBRARY

## ഗ്രന്ഥകാരൻ

1939 ഫിബ്രവരി 15–ന് തിരൂർ താലൂക്കിൽ വെട്ടം പള്ളിപ്പുറം ദേശത്ത് ചമ്രവട്ടത്തു ജനിച്ചു. അച്ഛൻ: പറപ്പൂർ മഠത്തിൽ മാധവൻ നായർ. അമ്മ: ചക്കുപുരയിൽ ജാനകി അമ്മ. ചമ്രവട്ടം പ്രൈമറി സ്കൂളിലും ശാസ്താ അപ്പർ പ്രൈമറി സ്കൂളിലും പൊന്നാനി എ. വി. ഹൈ സ്കൂളിലും കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിലും പാലക്കാട് വിക്ടോറിയാ കോളേജിലും പഠിച്ചു. ഫിസിക്സാണ് ഐച്ഛികവിഷയം.

1960 – 1962: സയൻറിഫിക് അസിസ്റ്റൻറ്, കൊടൈക്കാനൽ അസ്ട്രോഫിസിക്കൽ ഒബ്സർവേറ്ററി. 1962–1964: ഓഫീസർ-ഇൻ-ചാർജ്, വേൾഡ് വൈഡ് സൈസ്മോളജി സെൻറർ, പൂനെ. 1964–1968: എഡിറ്റോറിയൽ ബോർഡ്, *സയൻസ് ടുഡെ*, *ടൈംസ് ഓഫ് ഇന്ത്യ*, ബോംബെ. 1968–1972: അസിസ്റ്റൻറ് എഡിറ്റർ, *ലിങ്ക്* ആൻറ് *പാട്രിയറ്റ്*, ഡെൽഹി. 1980–1982: എഡിറ്റർ, *വീക്ഷണം* ദിനപത്രം, കൊച്ചി. 1995–1997: എഡിറ്റർ-ഇൻ-ചാർജ്, *ഭാഷാപോഷിണി* ആൻറ് *ഇയർ ബുക്സ്*, *മലയാള മനോരമ*, കോട്ടയം. 1997–2000: ചീഫ് എഡിറ്റർ, *മാധ്യമം* ദിനപത്രം, *മാധ്യമം* ആഴ്ചപ്പതിപ്പ്, കോഴിക്കോട്. ഒരു ടേമിൽ സാഹിത്യപ്രവർത്തക സഹകരണസംഘം അദ്ധ്യക്ഷൻ.

മാതൃഭൂമിയുടെ നോവൽമൽസരത്തിൽ ഒന്നാംസമ്മാനം: 1960. കേരളസാഹിത്യ അക്കാദമി അവാർഡ്: 1962. അബുദാബി ശക്തി അവാർഡ്: 1988. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്: 1989. വയലാർ അവാർഡ്: 1990. പണ്ഡിറ്റ് കറുപ്പൻ അവാർഡ്, മഹാകവി ജി പുരസ്കാരം, മൂലൂർ അവാർഡ്, അച്ചുതമേനോൻ അവാർഡ്, ഡോ. സി. പി. മേനോൻ പുരസ്കാരം, ഒളപ്പമണ്ണ അവാർഡ്, ദേവീപ്രസാദം അവാർഡ്, ലളിതാംബിക അവാർഡ്, മുട്ടത്തു വർക്കി അവാർഡ്, ഉറൂബ് അവാർഡ്, ഒമാൻ പ്രവാസി പുരസ്കാരം, പത്മപ്രഭാ പുരസ്കാരം, വള്ളത്തോൾ സമ്മാനം, സഞ്ജയൻ പുരസ്കാരം അമൃതകീർത്തി പുരസ്കാരം, ഭാരതീയ ജ്ഞാപീഠത്തിൻെറ മൂർത്തിദേവി പുരസ്കാരം.

'പ്രിയ' മുതൽ തിരക്കഥകൾ. 'അഗ്നി', 'കനലാട്ടം', 'പുഷ്യരാഗം', 'ഒറ്റയടിപ്പാതകൾ' എന്ന നാലു തിരക്കഥാ-സാക്ഷാൽക്കാരങ്ങൾ. ഇതിൽ ആദ്യത്തേതും അവസാനത്തേതും 'ഇന്ത്യൻ പനൊരമ'യിലേയ്ക്കു തെരഞ്ഞെടുക്കപ്പെട്ടതിനെത്തുടർന്ന് ലോകശ്രദ്ധയ്ക്ക് അർഹമായി.

ഭാര്യ വൽസല. മകൻ കെ. ആർ. ഗോപാൽ. മരുമകൾ സുഭദ്രാ ഗോപാൽ. പേരമക്കൾ: ഹരിഗോവിന്ദ്, നവനീത് കൃഷ്ണൻ, ഹരികൃഷ്ണൻ

മേൽവിലാസം: ആശ്രമം ലെയിൻ, ആസാദ് റോഡ്, കൊച്ചി–17
ജൻമനാട്ടിലെ മേൽവിലാസം: ചമ്രവട്ടം, തിരൂർ – 676110
ഇ-മെയിൽ: chamravattom@gmail.com

**ഒന്നാം പതിപ്പിലെ ആമുഖക്കുറിപ്പ്**

## *മറന്നുപോകാതിരിക്കാൻവേണ്ടി....*

**1982**-ൻെറ അവസാനപ്പകുതിയും 1983-ൻെറ ആദ്യപകുതിയുമാണ് ഈ നോവലിൻെറ എഴുത്തുകാലം. സ്ഥലം, എറണാകുളത്ത് കലൂരിൽ ഒരു വാടകവീട്.

ഇരുപതു കൊല്ലമായി മനസ്സിൽക്കിടന്ന പ്രമേയമാണ്. എഴുതണോ വേണ്ടയോ എന്നും എഴുതണമെങ്കിൽ എങ്ങനെയെഴുതണമെന്നും എന്നോടുതന്നെ തർക്കിച്ചുപോരികയായിരുന്നു, ഇത്രയും കാലം.

അവസാനം, എഴുതാനുള്ള ധൈര്യം കിട്ടിയപ്പോൾ എനിക്കുതന്നെ ആശ്ചര്യമായി, എഴുതിക്കഴിഞ്ഞപ്പോൾ വലിയ ആശ്വാസവും.

മാതൃഭൂമി ആഴ്ചപ്പതിപ്പിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചപ്പോൾ പ്രതീക്ഷയിൽ കവിഞ്ഞ സ്വീകരണം ഈ കൃതിക്കു കിട്ടുകയുണ്ടായി.

പുസ്തകങ്ങളിൽനിന്നു കിട്ടാവുന്ന അറിവുകൊണ്ട് സംശയങ്ങൾക്ക് പരിഹാരമാകുന്നില്ലെന്നു വരുമ്പോൾ ഞാൻ 'എൻ.വി.'യെ സമീപിക്കുകയാണ് പതിവ്. ചില രാത്രികളിൽ, ചില സന്ധ്യകളിൽ എന്നിങ്ങനെ എത്രയോ തവണ ഈ 'ഗുരുകുല'വിദ്യാഭ്യാസമുണ്ടായിട്ടുണ്ട്. പ്രശ്നം എന്തുതന്നെ ആയിരുന്നാലും ഉത്തരം കിട്ടാതിരുന്നിട്ടില്ല, ഒരിക്കലും.

വിഷയം, മിക്കപ്പോഴും, ഭാരതീയതത്ത്വശാസ്ത്രമായിരിക്കും. മുങ്ങിക്കുളിച്ച് ക്ഷീണവും ആലസ്യവും നീങ്ങിയാണ് ഞാൻ തിരികെ പോരിക.

സംശയങ്ങൾക്ക് മറുപടി തരികയല്ല, മറുപടികൾ കണ്ടെത്താൻ വഴി പറഞ്ഞുതരികയാണ് എൻ.വി. എപ്പോഴും ചെയ്യാറ്.

ഈ രീതിയിൽത്തന്നെയാണ് ഈ നോവലിൻെറ അവതാരികയുമുണ്ടായത്. ഈയൊരു വട്ടമെങ്കിലും ഇതിങ്ങനെ രേഖപ്പെട്ടു കിടക്കട്ടെയെന്ന് ഞാൻ ആഗ്രഹിച്ചു. എൻെറയൊരു കൃതിക്കും അവതാരികയെന്നൊന്ന് അന്നോളം ഉണ്ടായിട്ടില്ലാത്ത സാഹചര്യത്തിലാണിത്.

'അക്ഷര'ജ്ഞാനം തരുന്നവർക്കു നന്ദി പറയുന്നത് അനാദരവാകുമല്ലോ; അതു ചെയ്യുന്നില്ല. നന്ദി മനസ്സിൽ സൂക്ഷിക്കുന്നു.

**സി. രാധാകൃഷ്ണൻ**
എറണാകുളം, 23 11 1984